LIBRARY ARCHIVES Kerala Legislative Assembly

ആറാട്ടുപുഴ പ്രൈമറി ഹെൽത്ത് സെന്ററിന്റെ കെട്ടിടം പണി

35 (618) ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറാട്ടുപുഴ പ്രൈമറി ഹെൽത്ത് സെന്ററിന്റെ സുനാമി പുനരധിവാസ പദ്ധതിപ്രകാരമുള്ള കെട്ടിടം പണിയുടെ പുരോഗതി വിശദീകരിക്കാമോ ;

(ബി) ഏതു വകുപ്പിൽ നിന്നാണ് പ്രസ്തുത കെട്ടിടത്തിന് സുനാമി പുനരധിവാസ പദ്ധതിപ്രകാരം ഫണ്ട് അനുവദിക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നത് ;

(സി) പ്രസ്തുത കെട്ടിടത്തിന് എത്ര ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട് ;

(ഡി) അവശേഷിക്കുന്ന നിർമ്മാണത്തെക്കുറിച്ച് എന്ത് തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദീകരിക്കാമോ ;

(ഇ) എന്നത്തേയ്ക്ക് പ്രസ്തുത കെട്ടിടം പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആറാട്ടുപുഴ പ്രൈമറി ഹെൽത്ത് സെന്ററിന്റെ സുനാമി പുനരധിവാസ പദ്ധതിപ്രകാരമുള്ള കെട്ടിടത്തിന്റെ 32% പണി പൂർത്തിയായി കഴിഞ്ഞു. തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(ബി) ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ GO(Ms) No.438/2007/H&FWD dated, 25-10-2007 എന്ന സർക്കാർ ഉത്തരവ് പ്രകാരം 35 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) അടങ്കൽ തുകയായ 35 ലക്ഷം രൂപ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കൈമാറിയിട്ടുണ്ട്. ഇതിൽനിന്നും അഡ്വാൻസ് തുകയായ 8.75 ലക്ഷം രൂപയടക്കം ആകെ 12,58,574 രൂപ കോൺട്രാക്ട് കൊടുത്തിട്ടുണ്ട്.

(ഡി&ഇ) 2011 ജനുവരി 31-നകം പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ചിറക്കര പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ

36 (619) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;